## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2970** — **07.12.2018-ൽ മറുപടിക്ക്**

## ബാലവേല നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.ദിവാകരൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| ബാലവേല നിർമ്മാർജ്ജനത്തിനും ബാലവേലയിൽ ഏർപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | 1986 -ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നുണ്ട്. 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇത്തരത്തിൽ 2018-ൽ ജൂൺ മാസം വരെ 3 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റിഹാബിലിറ്റേഷൻ കമ്മിറ്റിയുടേയും സന്നദ്ധ സംഘടനകളുടേയും സാമൂഹ്യ പ്രവർത്തകരുടേയും സഹകരണത്തോടെ സെമിനാറുകൾ, ശില്പശാലകൾ, ബോധവൽകരണ ക്ലാസുകൾ എന്നിവ നടത്തിവരുന്നു. ജില്ലാ തലത്തിലെ ടാസ്ക് ഫോഴ്സിന്റേയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ബാലവേല കണ്ടെത്തുന്ന പക്ഷം പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ചൈൽഡ് ലൈനുമായി ബന്ധപ്പെട്ടും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.